# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *446** **26.06.2019 -ലെ മറുപടിയ്ക്ക്**

## സർവകലാശാലകളെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. പി.കെ. ശശി | **ഡോ.കെ.ടി.ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കല്പിത സർവകലാശാലകളും സ്വകാര്യ സർവകലാശാലകളും അനുവദിച്ച് കേന്ദ്ര സർക്കാർ വിദ്യാഭ്യാസം സാധാരണക്കാർക്ക് അപ്രാപ്യമാക്കുന്ന നടപടികൾ സ്വീകരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് സർവകലാശാലകളെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കിത്തീർക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെ പ്രോജക്ട് ആരംഭിച്ചുകഴിഞ്ഞു. എം.ജി. സർവ്വകലാശാലയ്ക്ക് 132.75 കോടി രൂപയുടെയും, കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെയും പദ്ധതിയ്ക്ക് അനുമതി നൽകി കഴിഞ്ഞു. കേരള സർവ്വകലാശാലയുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ച് വരുന്നു. കേരള, എം.ജി, കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചു കൊണ്ട് ഒരു ഇ-ഗവേണൻസ് പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. എറുഡൈറ്റ് പദ്ധതി, അക്കാദമിക വോളന്റിയർ ബാങ്ക്, ഓൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ, ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനം, സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ, ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ട്സിനും ഊന്നൽ നൽകിയുള്ള കരിക്കുലം പരിഷ്കരണ പദ്ധതികൾ തുടങ്ങിയവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | പരീക്ഷകൾ കൃത്യമായി നടത്തി യഥാസമയം പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻ വേണ്ട ഇടപെടൽ നടത്തിയിട്ടുണ്ടോ; ചോദ്യപേപ്പറുകൾ ഓൺലൈൻ സമ്പ്രദായത്തിലേക്ക മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാല കളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാനടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധി ച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർവ്വകലാശാലകൾ യഥാസമയം പരീക്ഷാഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. ചോദ്യപേപ്പർ ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സർവ്വകലാശാലകൾ സ്വീകരിച്ചുവരുന്നു. |
| (സി) | കോളേജുകളിൽ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കുന്നതിനും ലൈബ്രറികൾ മികവുറ്റതാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിലെ എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ്സ് റൂം ആക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സർക്കാർ കോളേജുകളിലെയും നിലവിലെ സാഹചര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡാറ്റാ കളക്ഷൻ പൂർത്തിയായിട്ടുണ്ട്;<br><br>കേരളത്തിലെ സർക്കാർ കോളേജുകളിലെ ലൈബ്രറികളുടെയും ലബോറട്ടറികളുടെയും സമഗ്ര വികസനത്തിനായി 'ലൈബ്രറി-ലബോറട്ടറി' വികസനം എന്ന പ്ലാൻ പദ്ധതി നടത്തിവരുന്നുണ്ട്;<br><br>2018-19 സാമ്പത്തിക വർഷം പ്ലാൻ-പദ്ധതിയിൽ ഉൾപ്പെടുത്തി "Upgradation of Government College Libraries as Integrated learning Rsource Centers" എന്ന പദ്ധതി തുടങ്ങുകയുണ്ടായി ഈ പദ്ധതി കൊണ്ട് കോളേജ് കാമ്പസുകളിൽ പഠനം, അദ്ധ്യാപനം, ഗവേഷണം തുടങ്ങിയതിനോടൊപ്പം സംയോജിതമായ രീതിയിൽ ലൈബ്രറി സൗകര്യങ്ങളും സേവനവും ഉപയോഗപ്പെടുത്തുന്ന തിനും ഊന്നൽ കൊടുക്കുന്നു. ഇതിന്റെ ഭാഗമായി ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്ന തിനും ലക്ഷ്യമിടുന്നു. പുതുതായി സംസ്ഥാനത്ത് BLIS/MLIS പൂർത്തീകരിച്ച വിദ്യാർത്ഥികളെ സർക്കാർ |

| | | | |
|---|---|---|---|
| | | | കോളേജുകളിലെ ലൈബ്രറികളിൽ ഇന്റേണുകളായി നിയമിച്ച് പരിശീലനം നൽകി കോളേജ് ലൈബ്രറി ശക്തിപ്പെടുത്തുന്നതിനും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ.